"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം- ടൗൺ പ്ലാനർ ശ്രീ.സി.വിനോദ്കുമാർ-നെ തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1092/2023/LSGD തീയതി,തിരുവനന്തപുരം, 23-05-2023

---

പരാമർശം:- 1) ചീഫ് ടൗൺ പ്ലാനറുടെ 18/06/2020 ലെ TCPCTP/833/2020-A3 നമ്പർ നടപടിക്രമം.

2) ശ്രീ.സി.വിനോദ് കുമാർ-ന്റെ 05/02/2023 ലെ അപേക്ഷ.

3) പ്രിൻസിപ്പൽ ഡയറക്ടറുടെ 18.03.2023 ലെ LSGD/PD/12350/2023-DEA5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ ആയ ശ്രീ.സി.വിനോദ്കുമാർ-ന് പരാമർശം (1) പ്രകാരം 20.06.2020 മുതൽ 3 വർഷത്തേയ്ക്ക് കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A ലെ ചട്ടങ്ങൾക്കു വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശൂന്യവേതനാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തസ്വഭവ പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ രണ്ട് ഒഴിവുകളുണ്ടെന്നും ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്നും പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുമുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശൂന്യവേതനാവധിയിൽ ശേഷിക്കുന്ന ലീവ് റദ്ദ് ചെയ്ത് ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന ടൗൺ പ്ലാനർ ശ്രീ.വിനോദ്കുമാറിന്റെ അപേക്ഷ പരിഗണിച്ച്, ടിയാനെ തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ ടൗൺ പ്ലാനർ തസ്തികയിലെ നിലവിലെ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് ടൗൺ പ്ലാനർ, പ്ലാനിംഗ് വിഭാഗം, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ.സി.വിനോദ് കുമാർ, ടൗൺ പ്ലാനർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Manoj.s.r.
സെക്ഷൻ ഓഫീസർ
Date: 24-05-2023 11:16:18